**Rs. 20/-**


**Keraleeyam**
2009 May

Registered KL/CR/TCR/353/2009-11
Posted at Thrissur RMS/2 on 20 & 21/5/2009

• ക്യാംപയിൻ

# ഇന്ത്യയിൽ ജി.എം. ഭക്ഷണം നിരോധിക്കുക

## നിങ്ങൾക്കിതെല്ലാം അറിയുമായിരുന്നോ?



**Vegetarian or Non-Vegetarian?**

- 2009-ൽ ഇന്ത്യയിൽ ജനിതകമാറ്റം വരുത്തിയ ഭക്ഷ്യവിളകൾക്ക് അനുമതി കൊടുക്കാൻ പോവുകയാണ്.
- ബാക്ടീരിയ, വൈറസുകൾ, തേൾ, മത്സ്യം, തവള തുടങ്ങിയ ജീവികളുടെ ജീനെടുത്ത് വഴുതനങ്ങ, വെണ്ടക്ക, ഉരുളക്കിഴങ്ങ്, തക്കാളി, നെല്ല് തുടങ്ങിയ വിളകളിലേക്ക് കടത്തിവിട്ടാണ് ജി.എം. ഭക്ഷണം ഉണ്ടാക്കുന്നത്.
- ജി.എം. ഭക്ഷണം കൊടുത്ത് എലികളിൽ നടത്തിയ പരീക്ഷണത്തിൽ കണ്ടെത്തിയത് ശ്വാസകോശകലകൾക്ക് തകരാറ്, ആമാശയത്തിൽ രക്തം വാർന്നുപോകുക, വൃക്കകളിൽ മുറിവ്, കുഞ്ഞുങ്ങളിൽ വർദ്ധിച്ച മരണനിരക്ക്, പ്രത്യുൽപാദന തകരാറുകൾ തുടങ്ങിയ പ്രശ്നങ്ങളാണ്.
- ജി.എം. ഭക്ഷണത്തിന് അനുമതി കൊടുക്കാനുള്ള തീരുമാനം അധികൃതരെടുക്കുന്നത് ഇവ ഉണ്ടാക്കുന്ന കമ്പനികൾ തന്നെ കൊടുക്കുന്ന പഠനങ്ങളുടെ അടിസ്ഥാനത്തിലാണ്. ഇത്തരം പഠനങ്ങൾ ഇന്ത്യയിലെയും മറ്റുരാജ്യങ്ങളിലെയും പ്രഗത്ഭരായ ശാസ്ത്രജ്ഞർ ചോദ്യം ചെയ്തിട്ടുണ്ട്.
- ഒരിക്കൽ കൃഷിചെയ്യാൻ അനുവാദം കൊടുത്താൽ ജി.എം. വിളകൾ പ്രകൃതിയെ മലിനമാക്കും. ഈ മലിനീകരണം ഇല്ലാതാക്കാൻ കഴിയുകയുമില്ല. മാത്രവുമല്ല കൂടുതൽ പ്രതിരോധശക്തിയുള്ള കളകളും കീടങ്ങളും ഉണ്ടാകുകയും നമ്മുടെ പരമ്പരാഗത കാർഷിക വിളകളേയും ജൈവ വൈവിധ്യത്തെയും ഇവ മലിനപ്പെടുത്തുകയും, അവയുടെ സ്വഭാവഗുണങ്ങളെ നശിപ്പിക്കുകയും ചെയ്യും.
- യൂറോപ്യൻ രാജ്യങ്ങളടക്കം ഒട്ടുമിക്കവാറും രാജ്യങ്ങൾ ജി.എം. വിളകൾക്കും ഭക്ഷണത്തിനും അനുമതി നൽകിയിട്ടില്ല.
- ജി.എം. ഭക്ഷണത്തിന് അനുമതി നൽകുന്നതിനെ പല ശാസ്ത്രജ്ഞരും എതിർത്തിട്ടുണ്ട്.
- ആയുർവേദ ഡോക്ടർമാർ ജി.എം. വിളകൾക്കെതിരെയും ബി.ടി. വഴുതനങ്ങക്കെതിരെയും നിലപാടെടുത്തിരിക്കുകയാണ്. ഈ വിളകൾ ആയുർവേദ മരുന്നുകളെ ദോഷകരമായി ബാധിക്കും എന്നവർ പറയുന്നു.

### ജി. എം. വിരുദ്ധ ക്യാംപയിൻ

ജനിതകമാറ്റം വരുത്തിയ ഭക്ഷ്യവസ്തുക്കളുടെ ഉപയോഗവും പരീക്ഷണവും ഇന്ത്യയിൽ നിർത്തിവെക്കാൻ നടപടികളെടുക്കണമെന്നാവശ്യപ്പെട്ട് ഒരേ ഭൂമി ഒരേ ജീവൻ യുവജന വിഭാഗത്തിന്റെ നേതൃത്വത്തിൽ കേരള കാർഷിക സർവ്വകലാശാല പരിസരത്തുനിന്നും തൃശൂരിലേക്ക് പ്രതിഷേധ മാർച്ചും ക്യാംപയിനും സംഘടിപ്പിക്കുന്നു. നാളുകളായി മൊൺസാന്റോ പോലുള്ള കുത്തകകളോട് കാർഷിക സർവ്വകലാശാല തുടർന്നുവരുന്ന വിധേയത്വപരമായ നിലപാട് അവസാനിപ്പിക്കണമെന്നും സർവ്വകലാശാലയിൽ നടക്കുന്ന പഠനങ്ങളിൽ അവരെ പ്രതിഷ്ഠിക്കാൻ ശ്രമിക്കരുത് എന്നും പട്ടാമ്പി നെല്ല് ഗവേഷണകേന്ദ്രത്തിൽനിന്നും പരമ്പരാഗത നെൽവിത്തിനങ്ങൾ മഹിക്കോയ്ക്ക് കൈമാറിയത് അന്വേഷിക്കണമെന്നും ക്യാംപയിൻ ആവശ്യപ്പെടുന്നു. അട്ടപ്പാടിയിൽ ജനിതകമാറ്റം വരുത്തിയ ബിടി പരുത്തി കൃഷി ചെയ്തതിനെതിരെ നടപടി സ്വീകരിക്കണമെന്നും കേരളത്തിലും ഇന്ത്യയിലും സമ്പൂർണ്ണ ഭക്ഷ്യസുരക്ഷ നിലനിൽക്കുന്നതിനും, ജൈവ പരിസ്ഥിതി സമ്പത്ത് സംരക്ഷിക്കുന്നതിനും, ജി.എം. വിളകളെ പൂർണ്ണമായും ഉപക്ഷിക്കണമെന്നും ക്യാംപയിൻ ആവശ്യപ്പെടുന്നു.

*ബന്ധങ്ങൾക്ക്: വിജിത്ത് - 9497288586*

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by K.S. Pramod at Keraleeyam, Thrissur - 21.
Printed at Ayodhya Printers Pvt. Ltd., Kochi, for Patabhedham Printers, Thrissur -2. Editor : K.S. Pramod. Phone : 9446576943, E-mail : keraleeyamtcr@rediffmail.com